ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിങ്ങ്
ശാന്തിനഗർ, തിരുവനന്തപുരം – 1

**ഇ.എക്സ്.IV(1)/2627/എച്ച്.എസ്.ഇ/2016** **തിയതി: 12/05/2016**

**<u>അറിയിപ്പ്</u>**

ഹയർസെക്കന്ററി പരീക്ഷാഫലം പ്രസിദ്ധീകരിക്കുമ്പോൾ ചില വിദ്യാർത്ഥികളുടെ സി.ഇ മാർക്ക്, പ്രാക്ടിക്കൽ മാർക്ക്, സ്കൂളുകളിൽ നിന്നും ലഭിക്കേണ്ട മറ്റു രേഖകൾ തുടങ്ങിയവ യഥാസമയം സ്കൂളുകളിൽ നിന്ന് ലഭിക്കാത്തതുമൂലം ചുരുക്കം ചില വിദ്യാർത്ഥികളുടെ പരീക്ഷാഫലം ആർ.എ.എൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത്തരം റിസൾട്ടുകളും വിദ്യാർത്ഥികളുടെ തടഞ്ഞുവെക്കപ്പെട്ട റിസൾട്ടുകളും പ്രതിദിനം അപ്ഡേറ്റ് ചെയ്യുന്നതാണ്. അത്തരത്തിൽ ഇന്നേ ദിവസം വരെ അപ്ഡേറ്റ് ചെയ്യപ്പെട്ട റിസൾട്ട് പോർട്ടലിൽ ലഭ്യമാണ്. ഭാവിയിൽ ഹയർസെക്കന്ററി ഇംപ്രൂവ്മെന്റ് പരീക്ഷ, പുനർമൂല്യനിർണ്ണയം തുടങ്ങിയവയുടെ ഫലം പ്രസിദ്ധീകരിച്ചാൽ സമയബന്ധിതമായിതന്നെ സ്കൂൾ അധികാരികൾ ബന്ധപ്പെട്ട കുട്ടികളുടെ പഴയ മാർക്ക്ലിസ്റ്റ് ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ സറണ്ടർ ചെയ്ത് പുതുക്കിയ മാർക്ക്ലിസ്റ്റ് കൈപ്പറ്റേണ്ടതാണ്. പുതുക്കിയ മാർക്ക്ലിസ്റ്റ് കൈപ്പറ്റിയാൽ മാത്രമേ അത്തരം മാർക്കുകൾ ഡാറ്റാ ശേഖരത്തിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയുള്ളു. ഇത്തരത്തിൽ കുട്ടികളുടെ സർട്ടിഫിക്കറ്റുകൾ സറണ്ടർ ചെയ്ത് മാറ്റി വാങ്ങാത്തതുകൊണ്ട് ചില കുട്ടികൾക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പെട്ടതുകൊണ്ടാണ് മേൽ നിർദ്ധേശങ്ങൾ പ്രസിദ്ധീകരിക്കുന്നത്

ഒപ്പ്
**ജോയിന്റ് ഡയറക്ടർ (പരീക്ഷാ വിഭാഗം)**